# STD10

# Easy A+2022

# സാമൂഹ്യശാസ്ത്രം - 1

# ഫോക്കസ് ഏരിയ നോട്സ്

Rajesh@CPY

Std10_SS2_MM_EasyA+_2022 Notes by Rajesh.K &Sujitha.K.G,
GHS Cherpulassery_9048251133

# യൂണിറ്റ് 1

## ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

**1.ജ്ഞാനോദയ ചിന്തകർ പ്രചരിപ്പിച്ച ആശയങ്ങൾ**

-സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം, ദേശീയത

**2.പ്രാതിനിധ്യമില്ലാതെ നികുതിയില്ല - ജെയിംസ് ഓട്ടിസ്**

**3.മെർക്കന്റലിസ്റ്റ് നിയമങ്ങൾ**

**മെർക്കന്റലിസ്റ്റ് നിയമങ്ങൾ**

- കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമിച്ച കപ്പലുകളിലോ മാത്രമായിരിക്കണം.
- കോളനികളിൽ ഉൽപ്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
- കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ മുദ്ര പതിക്കണം.
- കോളനിയിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലീഷുകാരുടെ സൈന്യത്തിനുള്ള താമസസ്ഥലവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.
- കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതിച്ചുങ്കം നൽകണം.

**4.അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന് പ്രചോദനം നൽകിയ ചിന്തകർ**

**ജോൺ ലോക്ക്**

മനുഷ്യന് ചില മൗലികാവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.

**തോമസ് പെയിൻ**

ഏതെങ്കിലും വിദേശശക്തിക്ക് (ഇംഗ്ലണ്ട്) ഈ വൻകര (വടക്കേ അമേരിക്ക) ദീർഘകാലം കീഴടങ്ങിക്കഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല.

**5.അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തിലേക്ക നയിച്ച സംഭവങ്ങൾ എന്തെല്ലാം?**

**1774-ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്**

**-ഫിലാഡൽഫിയയിൽ**

**-ജോർജിയ ഒഴികെ**

**-മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ നയങ്ങൾക്കും നിയമങ്ങൾക്കും എതിരെ പ്രതികരിക്കാൻ**

**-വ്യവസായങ്ങൾക്കും വ്യാപാരത്തിനും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ നീക്കണമെന്നും തങ്ങളുടെ അനുവാദമില്ലാതെ നികുതി ചുമത്തരുതെന്നും ആവശ്യപ്പെട്ട് നിവേദനം നൽകി.**

**-എന്നാൽ രാജാവ് ജനങ്ങളെ അടിച്ചമർത്താൻ സൈന്യത്തെ അയച്ചു.**

**1775-രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്സ്**

**-ജോർജ് വാഷിങ്ങ്ടനെ സൈന്യത്തിന്റെ തലവനായി തെരഞ്ഞെടുത്തു.**

**-തോമസ്പെയിൻ - കോമൺസെൻസ് വിതരണം ചെയ്തു.**

**1776- കോണ്ടിനെന്റൽ കോൺഗ്രസ്**

**-സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി.**

**-സ്വാതന്ത്ര്യ പ്രാഖ്യാപനത്തോടെ ഇംഗ്ലണ്ടും അമേരിക്കൻ കോളനികളും തമ്മിൽ ആരംഭിച്ച യുദ്ധം 1781 ൽ അവസാനിച്ചു.**

**1783- പാരീസ് ഉടമ്പടി**

**-ഇംഗ്ലണ്ട് 13 കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു.**

**-തുടർന്ന് ഫിലാഡൽഫിയയിൽ ഭരണഘടനാ സമ്മേളനം ചേർന്ന് അമേരിക്കയ്ക്കായി ഭരണഘടന തയ്യാറാക്കി. (ജയിംസ് മാഡിസൺ)**

**-പുതിയ ഭരണഘടന പ്രകാരം രൂപീകരിക്കപ്പെട്ട അമേരിക്കൻ ഐക്യനാടുകളുടെ ആദ്യ പ്രസിഡന്റായി ജോർജ് വാഷിംങ്ങ്ടൺ തെരഞ്ഞെടുക്കപ്പെട്ടു.**

Rajesh@CPY


**6.അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന് ലോക ചരിത്രത്തിലുള്ള പ്രാധാന്യമെന്ത്?**


- പിൽക്കാല സ്വാതന്ത്ര്യസമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി.
- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടു വച്ചു.
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയാറാക്കി.
- സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും അധികാരവും നൽകുന്ന ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിനു നൽകി.

**7.ഫ്രഞ്ച് വിപ്ലവത്തെ സ്വാധീനിച്ച ചിന്തകർ**

**വോൾട്ടയർ**

- പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു.
- യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.





**റൂസ്സോ**


- സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.
- ജനങ്ങളാണ് പരമാധികാരിയെന്ന് പ്രഖ്യാപിച്ചു.

**മൊണ്ടസ്ക്യൂ**

- ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.
- ഗവൺമെന്റിനെ നിയമനിർമാണം, കാര്യനിർവഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു.



## 8.ഫ്രഞ്ച് സമൂഹം


ഫ്രഞ്ച്സമൂഹം
ഒന്നാമത്തെ എസ്റ്റേറ്റ്
പുരോഹിതന്മാർ
• ധാരാളം ഭൂപ്രദേശം കൈവശം വച്ചു.
• കർഷകരിൽനിന്നു 'തിഥെ' എന്ന പേരിലുള്ള നികുതി പിരിച്ചു.
• എല്ലാത്തരം നികുതികളിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു.
• ഭരണത്തിലെയും സൈന്യത്തിലെയും ഉയർന്ന പദവികൾ നിയന്ത്രിച്ചു.
രണ്ടാമത്തെ എസ്റ്റേറ്റ്
പ്രഭുക്കന്മാർ
• സൈനികസേവനം നടത്തി.
• കർഷകരിൽനിന്ന് പലതരം നികുതികൾ പിരിച്ചു.
• വേതനം നൽകാതെ കർഷകരെക്കൊണ്ട് പണിയെടുപ്പിച്ചു.
• നികുതികളിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നു.
• ആഡംബരജീവിതം നയിച്ചു.
• വിശാലമായ ഭൂപ്രദേശം കൈവശം വച്ചു.
മൂന്നാമത്തെ എസ്റ്റേറ്റ്
കച്ചവടക്കാർ,
എഴുത്തുകാർ,
അഭിഭാഷകർ, ഉദ്യോഗസ്ഥർ,
അധ്യാപകർ, ബാങ്കർമാർ
എന്നിവരടങ്ങിയ
മധ്യവർഗം.
കർഷകർ,
കൈത്തൊഴിലുകാർ
• ഭരണത്തിൽ ഒരവകാശവുമില്ല.
• തൈലേ എന്ന പേരിലുള്ള ഭൂനികുതി സർക്കാരിന് നൽകണം.
• താഴ്ന്ന സാമൂഹികപദവി
• പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും നികുതി നൽകണം.

**9.ടെന്നിസ് കോർട്ട് പ്രതിജ്ഞ**

-ജനങ്ങളുടെമേൽ പുതിയ നികുതി ചുമത്തുന്നതിനായി 1789 ൽ ചക്രവർത്തി ലൂയി പതിനാറാമൻ ജനപ്രതിനിധിസഭയായ സ്റ്റേറ്റ്സ് ജനറൽ വിളിച്ചു ചേർത്തു.

-ഫ്രഞ്ച് സമൂഹത്തെപ്പോലെ സ്റ്റേറ്റ്സ് ജനറലിനും മൂന്ന് എസ്റ്റേറ്റുകൾ ഉണ്ടായിരുന്നു.

-ഓരോ എസ്റ്റേറ്റിനും ഓരോ വോട്ട് മതിയെന്നും ഓരോ അംഗത്തിനും ഓരോ വോട്ട് വേണ്ടയെന്നും രാജാവിനെ അനുകൂലിക്കുന്ന ആദ്യത്തെ രണ്ട് എസ്റ്റേറ്റുകൾ വാദിച്ചു.

-എന്നാൽ ഓരോ അംഗത്തിനും ഓരോ വോട്ട് തന്നെ വേണമെന്നായിരുന്നു കോമൺസ് എന്നറിയപ്പെട്ട മൂന്നാമത്തെ എസ്റ്റേറ്റിന്റെ ആവശ്യം.

-തർക്കം തുടരവേ മൂന്നാമത്തെ എസ്റ്റേറ്റിലെ അംഗങ്ങൾ തങ്ങളാണ് ഫ്രാൻസിലെ ദേശീയ അസംബ്ലി എന്ന് പ്രഖ്യാപിച്ചു.

- അവർ അടുത്തുള്ള ഒരു ടെന്നിസ് കോർട്ടിൽ സമ്മേളിച്ചു.

-ഫ്രാൻസിനായി ഒരു ഭരണഘടന തയാറാക്കിയ ശേഷം മാത്രമേ പിരിയുകയുള്ളൂ എന്ന് അവർ പ്രതിജ്ഞ ചെയ്തു- ടെന്നിസ്കോർട്ട് പ്രതിജ്ഞ.

-തുടർന്ന് 1789 ജൂലൈ 14 ന് ബാസ്റ്റിൽ ജയിൽ തകർത്തു.

-1789 ആഗസ്റ്റ് 12 ന് ദേശീയ അസംബ്ലി മനുഷ്യാവകാശ പ്രഖ്യാപനം നടത്തി.

-1789 ഒക്ടോബറിൽ ഭക്ഷണം വേണം എന്ന മുദ്രാവാക്യവുമായി വേഴ്സായ് കൊട്ടാരത്തിലേക്ക് പ്രകടനം നടത്തി.

-1792 സെപ്റ്റംബറിൽ പുതിയതായി രൂപീകരിച്ച ഭരണഘടനയനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ദേശീയ കൺവെൻഷൻ ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു.

Rajesh@CPY

## 10.ഫ്രഞ്ചു വിപ്ലവത്തിന്റെ സ്വാധീനം




## 11.നെപ്പോളിയന്റെ ഭരണ പരിഷ്കാരങ്ങൾ:

- കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.
- പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചു.
- ഗതാഗതപുരോഗതിക്കായി നിരവധി റോഡുകൾ നിർമിച്ചു.


നെപ്പോളിയൻ

- പുരോഹിതന്മാരുടെമേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി.
- സാമ്പത്തികപ്രവർത്തനങ്ങൾക്കായി ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.
- നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയ നിയമസംഹിതയുണ്ടാക്കി.

12.വാട്ടർ ലൂ - യൂറോപ്യൻ സഖ്യസൈന്യത്തോട് നെപ്പോളിയൻ പരാജയപ്പെട്ടു.

13.യൂറോപ്യൻ കോളനി വാഴ്ച ലാറ്റിനമേരിക്കൻ രാജ്യങ്ങളെ ബാധിച്ചതെങ്ങനെ?

-1. തദ്ദേശീയമായ സംസ്കാരം തകർന്നു .

-2. യൂറോപ്യൻ സംസ്കാരവും ജീവിത രീതികളും കോളനികളിൽ നടപ്പിലാക്കി.

-3. കോളനി ജനതയോട് വംശീയ വിവേചനം വച്ചു പുലർത്തി

-4. കോളനി ജനതയുടെ സമ്പത്ത് കവർന്നെടുത്തു.

-5 .കോളനി ജനതയെ അടിമകളെപ്പോലെ പണിയെടുപ്പിച്ചു.

14.റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ

-1.സാർ ചക്രവർത്തിമാരുടെ ഏകാധിപത്യം

-2. കർഷകരും തൊഴിലാളികളും നേരിട്ട ദുരിതങ്ങൾ

-3 കാർഷിക വ്യാവസായിക രംഗങ്ങളിലെ ഉല്പാദന മുരടിപ്പ്

-4. വ്യവസായ രംഗത്തെ വിദേശ ഇടപെടൽ

-5. സാഹിത്യകാരന്മാരുടെയു മാർക്സിസ്റ്റ് ആശയത്തിന്റെയും സ്വാധീനം

-6 മെൻഷെവിക്കുകളും ബോൾഷെവിക്കുകളും

-7 ലെനിൻ, ട്രോട്സ്കി, കെറൻസ്കി എന്നിവരുടെ സ്വാധീനം

-8. റഷ്യ - ജപ്പാൻ യുദ്ധത്തിൽ റഷ്യക്കേറ്റ പരാജയം

-9 .ഒന്നാം ലോകയുദ്ധത്തിലേറ്റ തിരിച്ചടികൾ

15.ഫെബ്രുവരി വിപ്ലവം, ഒക്ടോബർ വിപ്ലവം താരതമ്യം ചെയ്യുക.

| ഫെബ്രുവരി വിപ്ലവം | ഒക്ടോബർ വിപ്ലവം |
|---|---|
| -ഒക്ടോബർ വിപ്ലവം<br>-മെൻഷെവിക്കുകൾ നേതൃത്വം നൽകി.<br>-ഒന്നാം ലോകയുദ്ധത്തിൽ നിന്ന് പിൻമാറിയില്ല.<br>-സാർ ചക്രവർത്തിയുടെ ഭരണം അവസാനിപ്പിച്ചു.<br>-പ്രഭുക്കൻമാർ ഭൂവുടമകളായി തുടർന്നു.<br>-പൊതു ഉടമസ്ഥതക്ക് പ്രാധാന്യം നൽകിയില്ല. | -ബോൾഷെവിക്കുകൾ നേതൃത്വം നൽകി<br>-ഒന്നാം ലോകയുദ്ധത്തിൽ നിന്ന് പിൻമാറി<br>-മെൻഷെവിക്കുകളുടെ ഭരണം അവസാനിപ്പിച്ചു.<br>-കർഷകർക്ക് ഭൂമി വിതരണം ചെയ്തു.<br>-ഫാക്ടറികൾ ബാങ്കുകൾ , ഗതാഗതം എന്നിവ പൊതു ഉടമസ്ഥതയിലാക്കി. |

Rajesh@CPY

## 16.റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ

- ഒന്നാം ലോകയുദ്ധത്തിൽ നിന്നു റഷ്യ പിന്മാറി.
- ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.
- പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം കൊടുത്തു.
- കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി.
- സാമ്പത്തിക-ശാസ്ത്ര-സാങ്കേതികരംഗങ്ങളിൽ പുരോഗതി കൈവരിച്ചു.
- 1924 ൽ പുതിയ ഭരണഘടന നിലവിൽ വന്നു. സോവിയറ്റ് റിപ്പബ്ലിക്കുകൾ കൂടിച്ചേർന്ന് സോവിയറ്റ് യൂണിയൻ (U S S R) രൂപീകരിക്കപ്പെടുകയും ചെയ്തു.
- ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമായി.

Rajesh@

# യൂണിറ്റ് 2

## ലോകം ഇരുപതാം നൂറ്റാണ്ടിൽ

**1.**ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ എന്തെല്ലാം**?**

**1.സാമ്രാജ്യത്വമോഹവും സൈനിക സഖ്യങ്ങളുടെ രൂപീകരണവും**

**ത്രികക്ഷി സഖ്യം -ജർമനി, ആസ്ട്രിയ - ഹംഗറി, ഇറ്റലി**

**ത്രികക്ഷി സൗഹാർദം - ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ**

**ഇത്തരം സഖ്യങ്ങളുടെ രൂപീകരണം യൂറോപ്പിൽ ഒരു യുദ്ധാന്തരീക്ഷം സൃഷ്ടിച്ചു.**

**അവർ വിനാശകാരികളായ പുതിയ ആയുധങ്ങൾ നിർമിക്കുകയും വാങ്ങിക്കൂട്ടുകയും ചെയ്തു.**

**2.**തീവ്ര ദേശീയത

**സാമ്രാജ്യത്വ മത്സരങ്ങളിൽ വിജയിക്കുന്നതിന് യൂറോപ്യൻ രാജ്യങ്ങൾ വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചു. അതിലൊന്നാണ് തീവ്രവാദി ദേശീയത .**

**മറ്റു രാജ്യങ്ങളെയും അവരുടെ കൈവശമുള്ള പ്രദേശങ്ങളെയും കീഴടക്കുന്നതിനുള്ള മാർഗമെന്ന നിലയിൽ യൂറോപ്യൻ രാജ്യങ്ങൾ ദേശീയതയെ ഉപയോഗിച്ചു.**

**ഇത് തീവ്രദേശീയത എന്നറിയപ്പെടുന്നു.**

**സ്വന്തം രാജ്യം മറ്റുള്ളവയേക്കാൾ ശ്രേഷ്ഠമാണെന്ന് കരുതുകയും സ്വന്തം രാജ്യം ചെയ്യുന്നതിനെയെല്ലാം ന്യായീകരിക്കുകയും ചെയ്യുന്നത് ഇതിന്റെ പ്രത്യേകതയാണ്.**

**തീവ്ര ദേശീയതയിൽ അടിസ്ഥാനമായി രൂപംകൊണ്ട പ്രസ്ഥാനങ്ങളാണ് പാൻസ്ലാവ് പ്രസ്ഥാനം, പാൻ ജർമൻ പ്രസ്ഥാനം, പ്രതികാര പ്രസ്ഥാനം എന്നിവ.**

**3.**സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ

സാമ്രാജ്യത്വ കിടമത്സരങ്ങൾ യൂറോപ്യൻ രാജ്യങ്ങളെ ചില പ്രതി സന്ധികളിലേക്ക് നയിച്ചു **.**
അവയിൽ പ്രധാനപ്പെട്ടവയാണ് മൊറോക്കൻ പ്രതിസന്ധി, ബാൾക്കൻ പ്രതിസന്ധി.

**4.**പെട്ടെന്നുണ്ടായ കാരണം **-** ആസ്ട്രിയൻ കിരീടാവകാശിയെ സെർബിയൻ യുവാവ് വധിച്ചത്

ബാൾക്കൻ പ്രദേശത്ത് ആധിപത്യം ഉറപ്പിക്കാൻ റഷ്യൻ സഹായത്തോടെ സെർബിയയും ജർമ്മനിയുടെ പിന്തുണയോടെ ആസ്ട്രിയയും ശ്രമിച്ചു **.**

ഈ സമയത്താണ് **1914** ജൂണിൽ ആസ്ട്രിയൻ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനാന്റിനെ ബോസ്നിയൻ തലസ്ഥാനമായ സാരയാവോയിൽവച്ച് സെർബിയൻ യുവാവായ ഗാവ്‌ലോ പ്രിൻസപ്പ് വെടിവെച്ചു കൊന്നത്**.**

സെർബിയയാണ് ഇതിനുത്തരവാദി എന്ന് പ്രഖ്യാപിച്ച ആസ്ട്രിയ **1914** ജൂലൈ **28** ന് യുദ്ധം പ്രഖ്യാപിച്ചു**.**

തുടർന്ന് ഓരോ സഖ്യരാഷ്ട്രവും തങ്ങളുടെ ചേരിയിലെ രാഷ്ട്രങ്ങളെ സഹായിക്കാനായി മുന്നോട്ട് വന്നു**.**
ചെറുതും വലുതുമായ രാഷ്ട്രങ്ങൾ നേരിട്ടോ അല്ലാതെയോ ഇതിൽ പങ്കാളികളായി**.**
അതിനാൽ ഈ യുദ്ധം ഒന്നാം ലോകയുദ്ധം എന്നറിയപ്പെടുന്നു**.**

Rajesh@CPY

**4.**ഒന്നാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ എന്തെല്ലാം**?**

-ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ജീവഹാനി

-കൃഷി**,** വ്യവസായം**,** വാർത്താവിനിമയം തുടങ്ങിയമേഖലകൾ തകർന്നു**.**

**-** ദാരിദ്ര്യം**,** തൊഴിലില്ലായ്മ**,** നാണയപ്പെരുപ്പം എന്നിവ വർധിച്ചു**.**

-യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം ദുർബലമായി**.**

-ഏഷ്യയിലെയും ആഫ്രിക്കയിലെയും സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടു **.**

-സർവ രാഷ്ട്ര സഖ്യം രൂപം കൊണ്ടു**.**

**5.ഫാഷിസ്റ്റ് പാർട്ടി ഇറ്റലിയിൽ അധികാരത്തിൽ എത്താൻ ഇടയായ സാഹചര്യം എന്തായിരുന്നു?**

***ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ചവരുടെ കൂട്ടത്തിൽ പെട്ടിട്ടും ഇറ്റലിക്ക് കാര്യമായ നേട്ടങ്ങളൊന്നും ലഭിച്ചില്ല.**

***യുദ്ധാനന്തര കാലത്തെ വ്യവസായങ്ങളുടെ തകർച്ച, തൊഴിലില്ലായ്മ ,നികുതി വർധനവ്, പണപ്പെരുപ്പം തുടങ്ങിയവ ജനങ്ങളെ ഭരണകൂടത്തിൽനിന്ന് അകറ്റി.**

***രാജ്യം സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് പോകുമോ എന്ന ഭയം ഫാഷിസത്തെ പിന്തുണയ്ക്കാൻ സമ്പന്നരെ പ്രേരിപ്പിച്ചു.**

6. **ഇറ്റലിയിൽ അധികാരത്തിലേറിയ മുസ്സോളിനി കൈക്കൊണ്ട നടപടികൾ എന്തെല്ലാം?**

***രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ സ്വേച്ഛാധിപത്യപരമായ നടപടികൾ കൈക്കൊണ്ടു .**

***അക്രമത്തിന്റെയും ഹിംസയുടെയും മാർഗമാണ് ഫാഷിസ്റ്റുകൾ സ്വീകരിച്ചത്.**

***സോഷ്യലിസ്റ്റുകൾ ,തൊഴിലാളി-കർഷക നേതാക്കൾ എന്നിവരെ രാഷ്ട്രത്തിന്റെ ശത്രുക്കളായി പ്രഖ്യാപിച്ചു .**

***ഫാഷിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധശിക്ഷയ്ക്ക് വിധേയരാക്കി.**

***പ്രാചീന റോമാസാമ്രാജ്യത്തിന്റെ പുന:സ്ഥാപനമായിരുന്നു മുസ്സോളിനിയുടെ ലക്ഷ്യം.**

***അതിന്റെ ഭാഗമായി പ്രാചീന റോമൻ ഭരണത്തിന്റെ പല മുദ്രകളും അദ്ദേഹം സ്വീകരിച്ചു.**

***ഫാഷിസ്റ്റ് നയങ്ങൾ നടപ്പിലാക്കുന്നതിന് കരിങ്കുപ്പായക്കാർ എന്ന സൈനിക വിഭാഗത്തെ ഉപയോഗിച്ച് എതിരാളികളെ അടിച്ചമർത്തി .**

***ആക്രമണോത്സുകമായ വിദേശ നയം സ്വീകരിച്ചു.**

***എത്യോപ്യ, അൽബേനിയ തുടങ്ങിയ രാജ്യങ്ങളെ ആക്രമിച്ചു .**

***ഇറ്റലിയുടെ സാമ്രാജ്യത്വ മോഹം ലോകരാജ്യങ്ങളെ മറ്റൊരു ലോകയുദ്ധത്തിലേക്ക് നയിച്ചു.**

Rajesh@CPY

**7.**ഫാഷിസത്തിന്റെ സവിശേഷതകൾ എന്തെല്ലാം**?**

-ജനാധിപത്യത്തോടുള്ള വിരോധം

-സോഷ്യലിസത്തോടുള്ള എതിർപ്പ്

-രാഷ്ട്രത്തെ മഹത്വവത്ക്കരിക്കൽ

-വംശമഹിമ ഉയർത്തിപ്പിടിക്കൽ

-യുദ്ധത്തെ മഹത്വവത്ക്കരിക്കൽ

-തീവ്രദേശീയത പ്രചരിപ്പിക്കൽ

-ഭൂതകാലത്തെ പ്രകീർത്തിക്കൽ

-സൈനിക സ്വേച്ഛാധിപത്യം

-കല**,** സാഹിത്യം**,** വിദ്യാഭ്യാസം തുടങ്ങിയവയിലൂടെയുള്ള ആശയ പ്രചരണം

**-രാഷ്ട്രീയ എതിരാളികളെ ഉൻമൂലനം ചെയ്യൽ**

8. **നാസി പാർട്ടിയുടെ നേതാവായ ഹിറ്റ്ലറെ ജർമ്മനിയിൽ അധികാരത്തിലേറാൻ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം?**

***ഒന്നാം ലോകയുദ്ധാനന്തരം ജർമ്മനിയുടെ മേൽ അടിച്ചേൽപ്പിച്ച വേഴ്സായ് സന്ധി**

***സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും**

*** ജർമൻ ഭരണകൂടത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും .**

**9.ജർമ്മനിയിൽ അധികാരത്തിലേറിയ ഹിറ്റ്ലർ കൈക്കൊണ്ട നടപടികൾ എന്തെല്ലാം?**

**തന്റെ സംഘാടന മികവും പ്രസംഗ പാടവവും ഉപയോഗപ്പെടുത്തി ജർമൻകാരെ വളരെവേഗം ആകർഷിക്കാൻ ഹിറ്റ്ലർക്ക കഴിഞ്ഞു.**

**നിലവിലിരുന്ന ഭരണകൂടത്തെ പുറന്തള്ളി അധികാരത്തിലെത്തിയ ഹിറ്റ്ലർ പ്രധാന ശത്രുക്കളായ സോഷ്യലിസ്റ്റുകളെയും കമ്യൂണിസ്റ്റുകളെയും ജൂതരെയും ജനാധിപത്യവാദികളെയും കൊന്നൊടുക്കി**

**. ജർമ്മനിക്കുണ്ടായ അപമാനങ്ങൾക്കും തിരിച്ചടികൾക്കും ഉത്തരവാദികൾ ജൂതരാണെന്ന് ഹിറ്റ്ലർ ആരോപിച്ചു.**

**പ്രത്യേകം തയ്യാറാക്കിയ കോൺസൻട്രേഷൻ ക്യാമ്പുകളിൽവച്ച് ജൂതരെ കൂട്ടക്കൊല ചെയ്തു.**

**ഇത് ഹോളോകാസ്റ്റ് എന്നറിയപ്പെടുന്നു**

Rajesh@CPY

ഇതിനായി തവിട്ടു കുപ്പായക്കാർ എന്ന സൈന്യത്തിനും ഗസ്റ്റപ്പൊ എന്ന രഹസ്യ സംഘത്തിനും രൂപം നൽകി .

ആര്യൻമാരാണ് ലോകത്തിലെ പരിശുദ്ധ വംശമെന്നും അവരാണ് ലോകം ഭരിക്കേണ്ടതെന്നും ജർമൻകാർ ആര്യന്മാരാണ് എന്നും ഹിറ്റ്ലർ അഭിപ്രായപ്പെട്ടു.

നാസി പാർട്ടി ഒഴികെയുള്ള മറ്റു പാർട്ടികളെ നിരോധിച്ചു .

തൊഴിലാളി സംഘടനകൾക്ക് വിലക്കേർപ്പെടുത്തി.

ജനങ്ങൾക്ക് സൈനികസേവനം നിർബന്ധമാക്കി.

വേഴ്സായി സന്ധിയിലെ വ്യവസ്ഥകൾ ക്കെതിരെ ജനങ്ങളിൽ പ്രതികാര മനോഭാവം വളർത്തിയെടുത്തു .

പത്രം,സിനിമ ,റേഡിയോ, വിദ്യാഭ്യാസം തുടങ്ങിയവയെ ആശയപ്രചാരണത്തിന് ഉപയോഗിച്ചു.

ഹിറ്റ്ലർ ആക്രമണ പരമായ ഒരു വിദേശ നയം സ്വീകരിച്ചു .

ഓസ്ട്രിയ, ചെക്കോസ്ലോവാക്യ തുടങ്ങിയ രാഷ്ട്രങ്ങളെ ആക്രമിച്ചു .

ഇറ്റലി,ജപ്പാൻ എന്നീ രാജ്യങ്ങളുമായി സൈനിക സഖ്യം രൂപീകരിച്ചു.

ഹിറ്റ്ലറുടെ ഈ നയത്തിനെതിരായി മറ്റ് രാജ്യങ്ങൾ സഖ്യങ്ങളുണ്ടാക്കുകയും അത് മറ്റൊരു ലോക യുദ്ധത്തിന് കാരണമാകുകയും ചെയ്തു.

## 10.ഫാഷിസത്തിന്റെയും നാസിസത്തിന്റെയും സമാനതകൾ

| | ഫാഷിസം | നാസിസം |
|---|---|---|
| വംശമഹിമ | റോമാസാമ്രാജ്യത്തിന്റെ പുനസ്ഥാപനം | ആര്യവംശം |
| ശത്രുക്കളെ ഉന്മൂലനം ചെയ്യൽ | സോഷ്യലിസ്റ്റുകൾ, തൊഴിലാളി-കർഷകനേതാക്കൾ എന്നിവരെ ശത്രുക്കളായി പ്രഖ്യാപിച്ചു. ഫാഷിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധശിക്ഷയ്ക്ക് വിധേയരാക്കി. | നാസിസത്തിന്റെ പ്രധാന ശത്രുക്കളായ സോഷ്യലിസ്റ്റുകളെയും കമ്മ്യൂണിസ്റ്റുകളെയും ജൂതരെയും ജനാധിപത്യവാദികളെയും കൊന്നൊടുക്കി. |
| സൈനിക സ്വേച്ഛാധിപത്യം | കരിങ്കുപ്പായക്കാർ എന്ന സൈനികവിഭാഗത്തെ ഉപയോഗിച്ച് എതിരാളികളെ അടിച്ചമർത്തി | തവിട്ടുകുപ്പായക്കാർ എന്ന സൈന്യത്തെയും ഗസ്റ്റപ്പൊ എന്ന രഹസ്യസംഘത്തെയും ഉപയോഗിച്ച് ജൂതരെ കൂട്ടക്കൊല ചെയ്തു. |
| ആക്രമണോത്സുകമായ വിദേശനയം | എത്യോപ്യ, അൽബേനിയ എന്നീ രാജ്യങ്ങളെ ആക്രമിച്ചു. | ആസ്ട്രിയ, ചെക്കോസ്ലോവാക്യ എന്നീ രാഷ്ട്രങ്ങളെ ആക്രമിച്ചു. ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങളുമായി ചേർന്ന് സൈനിക സഖ്യം രൂപീകരിച്ചു. |

**11.**രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ എന്തെല്ലാം?

**1.**വേഴ്സായ് സന്ധിയിലെ വ്യവസ്ഥകൾ

**2 .**ആക്രമണോത്സുക ദേശീയത - ഫാഷിസം, നാസിസം

**3 .**സൈനിക സഖ്യങ്ങൾ

അച്ചുതണ്ട് ശക്തികൾ - ജർമനി, ഇറ്റലി, ജപ്പാൻ

സഖ്യശക്തികൾ - ഇംഗ്ലണ്ട് ,ഫ്രാൻസ് ,ചൈന

**4.** പ്രീണനനയം -

ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളുടെ ജർമനിയോടുള്ള മൃദുസമീപനം

**5 .**പെട്ടെന്നുണ്ടായ കാരണം

**1939** സെപ്തം: **1** ന് ജർമനിയുടെ പോളണ്ട് ആക്രമണം

**10.**രണ്ടാം ലോകയുദ്ധം ഫലങ്ങൾ

-ദശലക്ഷക്കണക്കിനു പേർ കൊല്ലപ്പെട്ടു.

-യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തിക നില താറുമാറായി.

-യൂറോപ്യൻ രാഷ്ട്രങ്ങളുടെ ലോക മേധാവിത്വം തകർന്നു.

-ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യ സമരം ശക്തിപ്പെട്ടു.

-അമേരിക്കയും സോവിയറ്റ് യൂണിയനും വൻ ശക്തികളായി മാറി.

-ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചു.

**11.**ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ

**-1945** ഒക്ടോ: **24** ന് രൂപീകരിച്ചു.

-ആസ്ഥാനം ന്യൂയോർക്ക്

-ഭാവിതലമുറയെ യുദ്ധഭീതിയിൽ നിന്ന് രക്ഷിക്കുക

-അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക

-ലോക രാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

**12.**ചേരിചേരാ പ്രസ്ഥാനം നേതാക്കൾ

-ജവഹർലാൽ നെഹ്റു-ഇന്ത്യ

-ഗമാൽ അബ്ദുൾ നാസർ - ഈജിപ്ത്

-മാർഷൽ ടിറ്റോ - യുഗോസ്ലാവിയ

-അഹമ്മദ് സുക്കാർണോ - ഇന്തോനേഷ്യ

Rajesh@CPY

**13.** **അപകോളനീകരണവും ശീത സമരവും ചേരിചേരാ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് വഴിതെളിച്ചത് എങ്ങനെ ?**

*രണ്ടാം ലോകയുദ്ധാനന്തരം ഏഷ്യയിലും ആഫ്രിക്കയിലും ലാറ്റിനമേരിക്കയിലും അനേകം രാജ്യങ്ങൾ സ്വതന്ത്രമായി.

*ശീതസമരം സാമ്രാജ്യത്വത്തിന്റെ മറ്റൊരു രൂപമാണെന്നും ലോകസമാധാനത്തിന് ഭീഷണി ആണെന്നും ഈ രാജ്യങ്ങൾ തിരിച്ചറിഞ്ഞു.

* മുതലാളിത്ത ചേരിയുടെയോ സോഷ്യലിസ്റ്റ് ചേരിയുടെയോ ഭാഗമാവാതെ നിലകൊണ്ട രാജ്യങ്ങളുടെ ഐക്യമാണ് ചേരിചേരാ പ്രസ്ഥാനം.

*വൻശക്തികളുടെ ആയുധ മത്സരവും സൈനിക സഖ്യങ്ങളും തങ്ങൾക്ക് ഭീഷണിയാകുമെന്ന് പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾ തിരിച്ചറിഞ്ഞു.

*1955 ൽ ഇന്തോനേഷ്യയിലെ ബാന്ദൂങ്ങിൽ ചേർന്ന സമ്മേളനത്തിൽ വച്ചാണ് ചേരിചേരാ പ്രസ്ഥാനത്തിന് രൂപം നൽകാൻ തീരുമാനിച്ചത്.

* 1961 ൽ ബൽഗ്രേഡിൽ വച്ച് ചേരിചേരാ രാജ്യങ്ങളുടെ ആദ്യ സമ്മേളനം നടന്നു.

Rajesh@CPY

യൂണിറ്റ് 3

പൊതുഭരണം

1. രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണമെന്ന് പറയുന്നു.

2.പൊതുഭരണത്തിന്റെ പ്രാധാന്യം

- ജനക്ഷേമം ഉറപ്പാക്കുന്നു

-സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.

-ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.

-ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

3.ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ

1 .ശ്രേണീ പരമായ സംഘാടനം

2 .സ്ഥിരത

3. യോഗ്യത അടിസ്ഥാനമാക്കി നിയമനം

4. രാഷ്ട്രീയ നിഷ്പക്ഷത

5 .വൈദഗ്ധ്യം

4.ഇന്ത്യൻ സിവിൽ സർവീസ്

| അഖിലേന്ത്യാ സർവീസ് | കേന്ദ്ര സർവീസ് | സംസ്ഥാന സർവീസ് |
|---|---|---|
| ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു. | ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു. | സംസ്ഥാന തലത്തിൽ തെരഞ്ഞെടുക്കുന്നു. |
| കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു. | കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു. | സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു. |
| ഉദാ: **IAS, IPS** | ഉദാ: **IFS, IRS** | ഉദാ: സെയിൽസ് ടാക്സ് ഓഫീസർ |

**5. UPSC**

- കേന്ദ്ര സർവീസിലേക്കും അഖിലേന്ത്യാ സർവീസിലേക്കും ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നു.

-കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്.

**PSC**

-സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നു.

-കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് ഗവർണറാണ്.

**UPSC** യും **PSC** യും ഭരണഘടനയെ അടിസ്ഥാനമാക്കി നിലവിൽ വന്ന സ്ഥാപനങ്ങളാണ്. അതിനാൽ ഭരണഘടനാ സ്ഥാപനങ്ങൾ എന്നറിയപ്പെടുന്നു.

Rajesh@CPY

**6.** പൊതുഭരണ രംഗത്തെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള പ്രധാന ഭരണ നവീകരണ നടപടികൾ ഏതെല്ലാം **?**

ഇ **-** ഗവേണൻസ്

വിവരാവകാശ നിയമം

സേവനാവകാശ നിയമം

ലോക്പാൽ **,**ലോകായുക്ത

സെൻട്രൽ വിജിലൻസ് കമ്മീഷൻ

ഓംബുഡ്സ്മാൻ

**7.** ഇ **-** ഗവേണൻസ്

ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗമാണ് ഇ**-**ഗവേണൻസ് **.**

പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ

**-**സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു**.**

**-**സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തു നിൽക്കേണ്ടതില്ല**.**

**-IT** യുടെ സഹായത്താൽ സേവനം നേടാം**.**

**-**സേവനത്തിന്റെ ഗുണമേൻമ വർധിക്കുന്നു**.**

**8.**വിവരാവകാശ നിയമത്തിന്റെ ലക്ഷ്യമെന്ത്**?**

**-**അഴിമതി നിയന്ത്രിക്കുക

**-**ഗവ**.** പ്രവർത്തനങ്ങൾ സുതാര്യമാക്കുക**.**

**-**ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്തബോധമുണ്ടാക്കുക**.**

**9.**വിവരാവകാശ കമ്മീഷൻ

**-**വിവരാവകാശ നിയമപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കാനും ചുമതലകൾ നിർവഹിക്കാനും സംസ്ഥാന തലത്തിലും കേന്ദ്ര തലത്തിലും വിവരാവകാശ കമ്മീഷന് രൂപം നൽകിയിട്ടുണ്ട്**.**

**-**മുഖ്യ വിവരാവകാശക്കമ്മീഷണറും **10** ൽ കവിയാത്ത അംഗങ്ങളും

**10.**സേവനാവകാശ നിയമം

**-**സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമമാണ് സേവനാവകാശ നിയമം **.-**

ഓരോ സർക്കാർ ഓഫീസും നൽകുന്ന സേവനങ്ങൾ എത്ര കാലപരിധിക്കുള്ളിൽ നൽകണമെന്ന് ഈ നിയമം അനുശാസിക്കുന്നു**.**

Rajesh@CPY

**11.** ലോക്പാൽ

-ദേശീയതലത്തിൽ അഴിമതി തടയുന്നതിന്

-പൊതുപ്രവർത്തകർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും ഉന്നയിക്കപ്പെടുന്ന അഴിമതികളിൽ കേസെടുത്ത് അന്വേഷിക്കാനും നടപടികൾ നിർദേശിക്കാനും ലോക്പാലിന് അധികാരമുണ്ട്.

ലോകായുക്ത

-സംസ്ഥാന തലത്തിൽ അഴിമതി തടയുന്നതിന്

-കോടതി നടപടികളുടെ രീതി

**12.**സെൻട്രൽ വിജിലൻസ് കമ്മീഷൻ

-അഴിമതി തടയുന്നതിന് ദേശീയ തലത്തിൽ രൂപം നൽകിയ സ്ഥാപനം .

**-1964** ൽ നിലവിൽ വന്നു.

-തലപ്പത്ത് വിജിലൻസ് കമ്മീഷണർ.

- കൂടാതെ എല്ലാ വകുപ്പുകളിലും മുഖ്യ വിജിലൻസ് ഓഫീസറും ഉണ്ടാകും.

-വിജിലൻസ് കേസുകളിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയാണ് കമ്മീഷന്റെ ചുമതല.

-ഇതേ മാതൃകയിൽ സംസ്ഥാന വിജിലൻസ് കമ്മീഷനും ഉണ്ട്.

-സംസ്ഥാന ഗവ. ഓഫീസുകളിലെ അഴിമതി അന്വേഷിക്കുന്നതിനും നടപടിയെടുക്കുന്നതിനും വേണ്ടി.

**13.**ഓംബുഡ്സ്മാൻ

-ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അഴിമതിയോ സ്വജനപക്ഷപാതമോ ധനദുർവിനിയോഗമോ ചുമതലകളിൽ വീഴ്ചയോ വരുത്തിയാൽ അതിനെതിരെ പരാതി നൽകുന്നതിനുള്ള സംവിധാനമാണ് ഓംബുഡ്സ്മാൻ.

-വിരമിച്ച ഹൈക്കോടതി ജഡ്ജി

-ജനങ്ങൾക്ക് നേരിട്ട് പരാതിയുമായി ഓംബുഡ്സ്മാനെ സമീപിക്കാം.

-പരാതി ലഭിച്ചാൽ ആരെയും വിളിച്ചു വരുത്തി അന്വേഷണം നടത്താനും നടപടി ശുപാർശ ചെയ്യാനും അദ്ദേഹത്തിന് അധികാരമുണ്ട്.

Rajesh@CPY

## യൂണിറ്റ് 4

## ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പും

**1.1757-** പ്ലാസ്സി യുദ്ധം

**2.**ഭൂനികുതി വ്യവസ്ഥകൾ

### ശാശ്വത ഭൂനികുതി വ്യവസ്ഥ

-ബംഗാൾ, ബീഹാർ, ഒറീസ്സ

-സെമീന്ദാർ നികുതി പിരിച്ചു.

-സെമിന്ദാർ ഉടമസ്ഥൻ

-യഥാർത്ഥ കർഷകൻ കുടിയാൻമാരായി

-വിളവിന്റെ **60%** വരെ നികുതി

-നികുതി പണമായി

-കോൺ വാലിസ് പ്രഭു

### റയട്ട് വാരി വ്യവസ്ഥ

-ദക്ഷിണേന്ത്യ

-നേരിട്ട് നികുതി പിരിച്ചു

-ഭൂമിയുടെ ഉടമ കർഷകൻ

-അമിത നികുതി

-നികുതി ഇടക്കിടെ വർധിപ്പിച്ചു

### മഹൽവാരി വ്യവസ്ഥ

-വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ

-ഗ്രാമത്തലവൻ നികുതി പിരിച്ചു

-അമിത നികുതി

-ഗ്രാമത്തെ ഒരു യൂണിറ്റായി കണക്കാക്കി

**3.**ഭൂനികുതി നയങ്ങൾ കാർഷിക രംഗത്തുണ്ടാക്കിയ പ്രത്യാഘാതങ്ങൾ

-നികുതി അടയ്ക്കാൻ കഴിഞ്ഞില്ല.

-കൊള്ളപ്പലിശക്കാരിൽ നിന്ന് പണം കടം വാങ്ങി

Rajesh@CPY

-ഉയർന്ന പലിശ നിരക്ക്

-തിരിച്ചെടുക്കാൻ കഴിയാതെ കർഷകന് ഭൂമി നഷ്ടമായി.

**4.**ബ്രിട്ടിഷുകാർക്കെതിരെ കേരളത്തിലുണ്ടായ പ്രധാന കർഷകകലാപങ്ങൾ

-കുറിച്യ കലാപം, മാപ്പിള കലാപം

**5.**കുറിച്യ കലാപം

**-1812** ൽ

-വയനാട്ടിൽ

-ഗോത്ര ജനതയായ കുറിച്യരും കുറുമ്പ്രരും

-കാരണങ്ങൾ

- അമിത നികുതി
- നികുതി പണമായി അടക്കാൻ നിർബന്ധിതരായി
- നികുതി അടയ്ക്കാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തു -

-രാമൻ നമ്പിയുടെ നേതൃത്വം

-പിടികൂടി വധിച്ചു.

Rajesh@CPY

**6.**കരകൗശല വ്യവസായങ്ങളുടെ തകർച്ച

| ഗ്രാമീണ വ്യവസായങ്ങൾ | തകർച്ചയുടെ കാരണം |
|---|---|
| • മൺപാത്രനിർമാണം | • അലുമിനിയം പാത്രങ്ങളുടെ ഇറക്കുമതി. |
| • തുകൽപ്പണി | • അസംസ്കൃതവസ്തുവായ തുകലിന്റെ യൂറോപ്പിലേക്കുള്ള കയറ്റുമതി. |
| • മരപ്പണി | • ലോഹനിർമിതയന്ത്രങ്ങളുടെ ഉപയോഗം. |

**7.** ഒന്നാം സ്വാതന്ത്ര്യ സമരം കാരണങ്ങൾ

-കർഷകരുടെ ദുരിതങ്ങൾ

-കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം

-രാജാക്കൻമാരുടെ പ്രശ്നങ്ങൾ

-സൈനികരുടെ അതൃപ്തി

-തുച്ഛമായ ശമ്പളം

-ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ അവഹേളനം

-മതവികാരം വ്രണപ്പെട്ടത്

-മംഗൾപാണ്ഡെയുടെ വധം

**8.**

| കലാപസ്ഥലം | നേതാക്കന്മാർ |
|---|---|
| • ഡൽഹി | • ബഹദൂർഷാ രണ്ടാമൻ |
| • ഝാൻസി | • റാണി ലക്ഷ്മീഭായി |
| • ലഖ്നൗ | • ബീഗം ഹസ്രത്ത് മഹൽ |
| • കാൺപൂർ | • നാനാസാഹേബ്, താന്തിയാതോപ്പി |
| • ഫൈസാബാദ് | • മൗലവി അഹമ്മദുള്ള |

9.ഒന്നാം സ്വാതന്ത്ര്യ സമരം--ഫലങ്ങൾ

-ഇന്ത്യയിലെ ബ്രിട്ടിഷം ഭരണത്തിലും നയത്തിലും വലിയ മാറ്റങ്ങളുണ്ടാക്കി

-ഇന്ത്യയുടെ ഭരണം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയിൽ നിന്ന് ബ്രിട്ടീഷ് പാർലമെന്റ് ഏറ്റെടുത്തു.

**10.**ദേശീയത എന്നാൽ എന്ത്**?**

ജാതി-മത -വർഗ - പ്രാദേശിക വ്യത്യാസങ്ങൾക്കതീതമായി ഒരു രാജ്യത്തെ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഐക്യ ബോധമാണ് ദേശീയത.

Rajesh COPY

## 5.സംസ്കാരവും ദേശീയതയും

**1.ദേശീയതയുടെ വളർച്ചക്ക് വിദ്യാഭ്യാസം വഹിച്ച പങ്കെന്ത്?**

*നിരവധി ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു .

*ഇതിലൂടെ ദേശീയ ബോധം വളർത്തുന്നതിനും മതേതര വിദ്യാഭ്യാസം നൽകുന്നതിനും കഴിഞ്ഞു.

***1884** ൽ ഡക്കാൻ എഡ്യൂക്കേഷൻ സൊസൈറ്റി സ്ഥാപിച്ചു ( ജിജി അഗർക്കർ ,ബാലഗംഗാധര തിലക് , മഹാദേവ ഗോവിന്ദറാന ഡെ)

***1905** സ്വദേശി പ്രസ്ഥാന കാലത്ത് നിരവധി ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു .

***1916** ൽ ഇന്ത്യയിലെ ആദ്യത്തെ വനിതാ സർവകലാശാല (ഡി.കെ.കാർവെ)

*ടാഗോർ - വിശ്വഭാരതി സർവകലാശാല - അന്തർദേശീയ സാഹോദര്യം (പാശ്ചാത്യ പൗരസ്ത്യ സംസ്കാരങ്ങൾ യോജിപ്പിച്ചു കൊണ്ടുള്ള വിദ്യാഭ്യാസ രീതി)

*ജാമിഅ മില്ലിയ ഇസ് ലാമിയ - മൗലാന മുഹമ്മദലി ,ഷൗക്കത്തലി , ഡോ.സാക്കീർ ഹുസൈൻ, എം.എ.അൻസാരി -അലിഗഡിൽ- മതേതര വിദ്യാഭ്യാസം ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തും എന്ന കാഴ്ചപ്പാട്

*കേരള കലാമണ്ഡലം വള്ളത്തോൾ -ഇന്ത്യയിലെ പാരമ്പര്യ കലാരൂപങ്ങളെ ഉദ്ധരിക്കൽ

*വാർധാ വിദ്യാഭ്യാസ പദ്ധതി -**1937** ൽ -തൊഴിലധിഷ്ഠിത വിദ്യാഭ്യാസം - വിദ്യാർഥിയായിരിക്കുമ്പോൾ ചില തൊഴിലുകൾ പഠിച്ചാൽ അത് ഭാവി ജീവിതത്തിന് ഗുണകരമാകും.ഇത്തരത്തിൽ വളർന്നു വരുന്ന ഒരു തലമുറയിലൂടെ ബ്രിട്ടീഷുകാരെ പ്രതിരോധിക്കാമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു.

Rajesh@CPY

**2.** **ദേശീയ വിദ്യാഭ്യാസം മുന്നോട്ടുവെച്ച ആശയങ്ങൾ എന്തെല്ലാം ?**

**മതേതരത്വം, ദേശീയത, സ്ത്രീകളുടെ ഉന്നമനം, അന്തർദേശീയത,**

**പാരമ്പര്യ കലകളുടെ പുനരുദ്ധാരണം, വൈദേശിക മേധാവിത്തത്തോടും ജാതിവ്യവസ്ഥയോടുമുള്ള എതിർപ്പ് .**

**3.** ദേശീയത വളർത്തുന്നതിൽ കലയുടെ പങ്ക്

*അബനീന്ദ്രനാഥ ടാഗോർ ജലച്ഛായാചിത്രം - ഭാരത മാതാവ് -

ഇന്ത്യയിലെ ജനങ്ങൾക്ക് ആഹാരം ,വസ്ത്രം, വിജ്ഞാനം എന്നിവ നൽകുന്ന ഭാരത മാതാവ് .

- *ഇന്ത്യക്കാരിൽ ദേശസ്നേഹം വളർത്തുന്നതിൽ ഈ ചിത്രം നിർണായക പങ്കുവഹിച്ചു .
- *അദ്ദേഹം ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ് സ്ഥാപിച്ചു
- *രാജാ രവിവർമ -ഇന്ത്യൻ പുരാണങ്ങളിലെയും സാഹിത്യകൃതികളിലെയും സന്ദർഭങ്ങൾചിത്രീകരിച്ചു.
- *നന്ദലാൽബോസ് -സതി-ദുരാചാരങ്ങൾക്കെതിരായ മനോഭാവം വളർത്തി.
- *ഗ്രാമീണ ചെണ്ടക്കാരൻ -INC യുടെ 1938 ലെ പോസ്റ്റർ ചിത്രം
- * അമൃതാ ഷേർഗിൽ -ഇന്ത്യൻ ഗ്രാമങ്ങളിലെ ദുരിത ജീവിതം
- *ഇത്തരം ചിത്രങ്ങൾ ഇന്ത്യക്കാരുടെ മനസ്സിൽ ഒരൊറ്റ ഇന്ത്യയുടെ ചിത്രം വരച്ചു.
- *ദേശീയചിഹ്നങ്ങൾ -ദേശീയ പതാകയും ദേശീയ മുദ്രയും
- *ദേശീയ ഗാനം -ടാഗോർ
- *ദേശീയ ഗീതങ്ങളും ചിത്രങ്ങളും ചിഹ്നങ്ങളും ഇന്ത്യയുടെ സ്വാതന്ത്ര്യ
- പ്രക്ഷോഭത്തിലുടനീളം ഉപയോഗിക്കപ്പെട്ടു. ഇത് ഇന്ത്യൻ ജനതയിൽ
- ദേശീയബോധം വളർത്തുന്നതിൽ നിർണായക പങ്കു വഹിച്ചു.

Rajesh@CPY

## 7.സ്വാതന്ത്ര്യാനന്തര ഇന്ത്യ

**1.**സ്വാതന്ത്ര്യാനന്തര ഇന്ത്യ അഭിമുഖീകരിച്ച പ്രശ്നങ്ങൾ എന്തെല്ലാം**?**

1. അഭയാർഥി പ്രശ്നം
2. നാട്ടുരാജ്യങ്ങളുടെ സംയോജനം
3. ഭരണഘടനാ രൂപീകരണം
4. തെരഞ്ഞെടുപ്പും ജനാധിപത്യ വ്യവസ്ഥയുടെ രൂപീകരണവും
5. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം.

**2.**ലയനക്കരാർ

*നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയ നോട് കൂട്ടിച്ചേർക്കുന്നതിനു വേണ്ടിയുള്ള കരാർ.

*നാട്ടുരാജ്യങ്ങളും ഇന്ത്യാ ഗവൺമെൻറും തമ്മിൽ ഒപ്പുവച്ചത്.

*പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം കേന്ദ്ര സർക്കാരിന്

*സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് ചുമതല വഹിച്ച സർദാർ വല്ലഭായ് പട്ടേലും ആ വകുപ്പിന്റെ സെക്രട്ടറിയായിരുന്ന വി.പി.മേനോനും ചേർന്ന് തയ്യാറാക്കിയത്.

**3.**

**സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം സാധ്യമായതെങ്ങനെ?**

**സ്വാതന്ത്ര്യത്തിനു മുമ്പ് ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്ന അറുനൂറോളം നാട്ടുരാജ്യങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നു.**

**ഈ നാട്ടു രാജ്യങ്ങൾക്ക് ഇന്ത്യയിലോ പാക്കിസ്ഥാനിലോ ചേരാനോ സ്വതന്ത്രമായി നിൽക്കാനോ ഉള്ള അധികാരം നൽകിയ ശേഷമാണ് ബ്രിട്ടൻ ഇന്ത്യ വിട്ടത്.**

**അതുകൊണ്ടു തന്നെ ഈ നാട്ടു രാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുക എന്നത് ശ്രമകരമായിത്തീർന്നു.**

**കേന്ദ്രമന്ത്രിസഭയിലെ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല സർദാർ വല്ലഭായി പട്ടേലിനായിരുന്നു .**

Rajesh@CPY

*നാട്ടു രാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് പട്ടേലും സ്റ്റേറ്റ്സ് ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറിയായ വി.പി. മേനോനും ചേർന്ന് ഒരു ലയനക്കരാർ ഉണ്ടാക്കി.
*അതനുസരിച്ച് പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം.
* ജനകീയ പ്രതിഷേധങ്ങളും ഇന്ത്യ ഗവൺമെന്റിന്റെ പ്രായോഗിക സമീപനങ്ങളും മൂലം ഭൂരിഭാഗം നാട്ടു രാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവച്ച് ഇന്ത്യൻ യൂണിയനിൽ ചേർന്നു.
*എന്നാൽ ഹൈദരാബാദ്, കാശ്മീർ ,ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു.
*പിന്നീട് അനുരഞ്ജനത്തിലൂടെയും സൈനിക നടപടിയിലൂടെയും ഈ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

*എന്നാൽ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും
ഫ്രാൻസ്, പോർച്ചുഗൽ എന്നീ യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയിലെ ചില പ്രദേശങ്ങൾ കൈവശം വച്ചു പോന്നു.
*ഇവിടങ്ങളിൽ ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ ഉണ്ടായി.
*ഇതോടെ ഫ്രാൻസ് തങ്ങളുടെ അധീനപ്രദേശങ്ങൾ തിരിച്ചുനൽകി.
* സൈനിക നടപടിയിലൂടെ പോർച്ചുഗലിന്റെ അധീനതയിലുണ്ടായിരുന്ന പ്രദേശങ്ങളും ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചു.

**6.**സ്വാതന്ത്ര്യാനന്തര ഇന്ത്യ കൈവരിച്ച ബഹിരാകാശ രംഗത്തെ നേട്ടങ്ങൾ എന്തെല്ലാം**?**

***1962** ൽ ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി

***1969** ൽ **ISRO** സ്ഥാപിച്ചു.

*തുമ്പയിൽ റോക്കറ്റ് വിക്ഷേപണ കേന്ദ്രം തുടങ്ങി.

***1975** ൽആര്യഭട്ട **.**

*വിക്ഷേപണ വാഹനങ്ങൾ വികസിപ്പിച്ചെടുത്തു.

Rajesh@CPY

*ഉപഗ്രഹങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് നാഷണൽ റിമോട്ട് സെൻസിങ്ങ് ഏജൻസി, ഫിസിക്കൽ റിസർച്ച് ലബോറട്ടറി എന്നിവ സ്ഥാപിച്ചു.

*മിസൈൽ സാങ്കേതിക വിദ്യ കൈവരിച്ചു. - അഗ്നി, പൃഥി

*ആണവ രംഗത്ത് പരീക്ഷണങ്ങൾക്ക് ഡോ.രാജാ രാമണ്ണ, ഡോ.എ.പി.ജെ അബ്ദുൾ കലാം എന്നിവർ നേതൃത്വം നൽകി.

*ചാന്ദ്രയാൻ, മംഗൾയാൻ ദൗത്യങ്ങൾ

**11.**വിദേശനയത്തിന്റെ പ്രധാന തത്വങ്ങൾ

-ചേരിചേരായ്മ

-പഞ്ചശീലതത്ത്വങ്ങൾ

-സമാധാനപരമായ സഹവർത്തിത്വം

- ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം

-വംശീയ വാദത്തോടുള്ള വിദ്വേഷം

- സാമ്രാജ്യത്തത്തോടുള്ള എതിർപ്പ്

-വിദേശസഹായത്തിന്റ ആവശ്യകത

**12.** പഞ്ചശീലതത്വങ്ങൾ

***1954** ൽ

*ഇന്ത്യയും ചൈനയുമായി ഒപ്പിട്ട കരാർ

*ജവഹർലാൽ നെഹ്റുവും ചൗ എൻ ലായിയും ഒപ്പുവച്ചു.

**1.** പരസ്പരം ആക്രമിക്കാതിരിക്കുക.

**2.**രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.

**3.**ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.

**4.**സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

**5.**സമത്വവും പരസ്പര സഹായവും പുലർത്തുക.

Rajesh@CPY

# യൂണിറ്റ് 8

## കേരളം ആധുനികതയിലേക്ക്

**1.** പഴശ്ശി കലാപം

**-1805** ൽ

-മലബാറിൽ

-കേരള വർമ്മ പഴശ്ശിരാജാ

-മൈസൂരിലെ ഭരണാധികാരികൾക്കെതിരെ ബ്രിട്ടീഷുകാരെ സഹായിച്ചതിനു പകരമായി കോട്ടയം പ്രദേശത്തെ നികുതി പിരിക്കാനുള്ള അധികാരം ബ്രിട്ടീഷുകാർ പഴശ്ശിരാജയ്ക്ക് വാഗ്ദാനം ചെയ്തിരുന്നു.

എന്നാൽ ആ വാഗ്ദാനം നിറവേറ്റപ്പെട്ടില്ല.

മാത്രമല്ല വയനാടിനു മേൽ ബ്രിട്ടീഷുകാർ അവകാശവാദം ഉന്നയിക്കുകയും ചെയ്തു.

-ഇതിനെതിരെയാണ് പഴശ്ശി കലാപം .

-ചെമ്പൻപോക്കർ, കൈതേരി അമ്പു നായർ, എടച്ചേന കുങ്കൻ നായർ, തലയ്ക്കൽ ചന്തു

**2 .** വേലുത്തമ്പി -തിരുവിതാംകൂർ

പാലിയത്തച്ചൻ - കൊച്ചി

-ആഭ്യന്തര കാര്യങ്ങളിൽ ബ്രിട്ടിഷുകാർ അനിയന്ത്രിതമായി ഇടപെട്ടതിനെതിരെ

**3 .**കുണ്ടറ വിളംബരം

-വേലുത്തമ്പി

**-1809** ജനുവരി **11** ന്

-ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്തു പോരാടാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു.

Rajesh@CPY

**4.**

| സാമൂഹികപരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ/ പ്രവർത്തനങ്ങൾ |
|---|---|
| • വൈകുണ്ഠസ്വാമികൾ | • സമത്വസമാജം |
| • ചട്ടമ്പിസ്വാമികൾ | • കൂട്ടുകുടുംബവ്യവസ്ഥ, സംബന്ധം, മരുമക്കത്തായം എന്നിവയ്ക്കെതിരെ പോരാടി. |
| • ശ്രീനാരായണഗുരു | • ശ്രീനാരായണധർമപരിപാലനയോഗം |
| • കുര്യാക്കോസ് ഏലിയാസ് ചാവറ | • അനാഥാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചു. |
| • അയ്യങ്കാളി | • സാധുജനപരിപാലനസംഘം |
| • വക്കം അബ്ദുൽഖാദർ മൗലവി | • തിരുവിതാംകൂർ മുസ്‌ലിം മഹാജനസഭ |
| • വാഗ്ഭടാനന്ദൻ | • ആത്മവിദ്യാസംഘം |
| • സഹോദരൻ അയ്യപ്പൻ | • സഹോദരപ്രസ്ഥാനം |
| • പണ്ഡിറ്റ് കെ.പി. കറുപ്പൻ | • അരയസമാജം |
| • മന്നത്ത് പത്മനാഭൻ | • നായർ സർവീസ് സൊസൈറ്റി |
| • വി.ടി. ഭട്ടതിരിപ്പാട് | • യോഗക്ഷേമസഭ |
| • കുമാരഗുരു ദേവൻ | • പ്രത്യക്ഷരക്ഷാദൈവസഭ |

**5.** ചാന്നാർ ലഹള

**-1859** ൽ

-തെക്കൻ തിരുവിതാംകൂറിൽ

-ചാന്നാർ സ്ത്രീകൾക്ക് ജാക്കറ്റും മേൽമുണ്ടും ധരിക്കാനുള്ള അവകാശം ( മാറു മറയ്ക്കാനുള്ള അവകാശം) ലഭിച്ചു.

**6.** കേരളത്തിലെ സാമൂഹ്യ പരിഷ്കരണത്തിൽ ശ്രീനാരായണ ഗുരുവിന്റെ പങ്ക് എന്ത്**?**

**-1888** ൽ

-അരുവിപ്പുറം ശിവ പ്രതിഷ്ഠ

-ഇതിലൂടെ ക്ഷേത്ര കർമവും പൂജകളും ചെയ്യാനുള്ള അവകാശം അവർണ സമുദായത്തിൽ പെട്ടവർക്കുകൂടി നേടിയെടുക്കാൻ കഴിഞ്ഞു.

-ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിച്ചു.

-വിദ്യകൊണ്ട് പ്രബുദ്ധരാവാനും സംഘടനകൊണ്ട് ശക്തരാകാനും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

-ആലുവയിലെ സർവമത സമ്മേളനം

-ഉദാത്തമായ മനുഷ്യ സ്നേഹത്തിലും സർവമത സാഹോദര്യത്തിലും അധിഷ്ഠിതമായിരുന്നു ഗുരുവിന്റെ സന്ദേശങ്ങളും പ്രവർത്തനങ്ങളും

**7.** വൈക്കം സത്യാഗ്രഹം

**-1924** ൽ

-ടി.കെ.മാധവന്റെ നേതൃത്വം

-അനുഭാവം പ്രകടിപ്പിച്ച് മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ സവർണ ജാഥ.

-വൈക്കം ക്ഷേത്രത്തിന് ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്ര ചെയ്യാൻ അവർണ ജാതിക്കാർക്ക് അവസരം ലഭിച്ചു.

**8.** ഗുരുവായൂർ സത്യാഗ്രഹം

**-1931** ൽ

-കെ. കേളപ്പന്റെ നേതൃത്വം

-എ.കെ.ഗോപാലൻ സമരത്തിന്റെ വളണ്ടിയർ ക്യാപ്റ്റൻ

**-ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലും പെട്ട ഹിന്ദുക്കൾക്ക് പ്രവേശനം അനുവദിക്കണം എന്ന ആവശ്യം**

Rajesh@CPY

**9.** ക്ഷേത്രപ്രവേശന വിളംബരം

- **1936** ൽ

-തിരുവിതാംകൂറിൽ

**10 .**കേരളത്തിൽ ദേശീയ പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്ത പ്രധാന വനിതകൾ

-എ.വി.കുട്ടിമാളു അമ്മ-മലബാർ

-അക്കമ്മ ചെറിയാൻ, ആനി മസ്ക്രീൻ -തിരുവിതാംകൂറിൽ

**11.** സ്ത്രീ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ കേരളത്തിലെ ദേശീയ പ്രക്ഷോഭങ്ങൾ

-വിദേശ വസ്ത്ര ബഹിഷ്കരണം ,

-മദ്യഷാപ്പ് പിക്കറ്റിങ്ങ്

-അയിത്തോച്ചാടനം

-ഹരിജനോദ്ധാരണം

-ഖാദി പ്രചാരണം

**12.** ഐക്യകേരളത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തെല്ലാം?

-പയ്യന്നൂർ കോൺഗ്രസ്സ് സമ്മേളനത്തിൽ കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമായി പുനഃസ്സംഘടിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

-**1947** ൽ ചേർന്ന ഐക്യകേരള കൺവൻഷനിലും സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ചേർന്ന ഐക്യകേളസമ്മേളനത്തിലും ഐക്യകേരള പ്രമേയം പാസ്സാക്കി.

-ഇതേ തുടർന്ന് **1949** ജൂലൈ **1** ന് തിരുകൊച്ചി സംസ്ഥാനം രൂപീകരിച്ചു.

Rajesh@CPY

- മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളം രൂപീകരിക്കണമെന്ന് ഇ എം.എസ്.നമ്പൂതിരിപ്പാട് "ഒന്നേകാൽ കോടി മലയാളികൾ " എന്ന ഗ്രന്ഥത്തിൽ സൂചിപ്പിച്ചു.

-ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണത്തിനായി സംസ്ഥാന പുനസ്സംഘടനാ കമ്മീഷൻ രൂപീകരിച്ചു.

-കമ്മീഷന്റെ ശുപാർശ പ്രകാരം മലബാർ, തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങൾ ഉൾപ്പെടുത്തി **1956** നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപീകൃതമായി.

Rajesh@CPY

# 9.രാഷ്ട്രവും രാഷ്ട്രതന്ത്ര ശാസ്ത്രവും

## 1.രാഷ്ട്രം

*ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെണ്ടോടു കൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം.

*രാഷ്ട്രത്തിനുണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ

-ജനങ്ങൾ

-ഭൂപ്രദേശം

-ഗവൺമെണ്ട്

-പരമാധികാരം

## 2.രാഷ്ട്രത്തിന്റെ ചുമതലകൾ

| നിർബന്ധിതം (എല്ലാക്കാലത്തും നിർബന്ധമായും ചെയ്യേണ്ടവ ) | വിവേചനപരം (സാമ്പത്തിക സ്ഥിതിക്കനുസരിച്ച്) |
|---|---|
| അതിർത്തി സംരക്ഷണം | ആരോഗ്യ സംരക്ഷണം |
| ആഭ്യന്തര സമാധാനം | വിദ്യാഭ്യാസ സൗകര്യം |
| അവകാശ സംരക്ഷണം | ക്ഷേമപദ്ധതികൾ |
| നീതിനടപ്പാക്കൽ | ഗതാഗത സൗകര്യം |

## 3. രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ

*ദൈവദത്ത സിദ്ധാന്തം

*പരിണാമസിദ്ധാന്തം

*സാമൂഹിക ഉടമ്പടി സിദ്ധാന്തം

* ശക്തി സിദ്ധാന്തം

Rajesh@CPY

**4.**രാഷ്ട്രവും പൗരനും

*ഒരു രാജ്യത്തെ പൂർണവും തുല്യവുമായ അംഗത്വമാണ് പൗരത്വം.

*പൗരത്വം ഒരു വ്യക്തിയെ രാഷ്ട്രീയാവകാശങ്ങളും പൗരാവകാശങ്ങളും അനുഭവിക്കാൻ പ്രാപ്തനാക്കുന്നു.




5.പൗരത്വം




**(**ജൻമനാ**)** **(**നിയമാനുസൃത നടപടി ക്രമങ്ങളിലൂടെ**)**

**6.**രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് -അരിസ്റ്റോട്ടിൽ

*പൊളിറ്റിക്സ് -രാഷ്ട്രത്തെ സമഗ്രമായി വിശകലനം ചെയ്യുന്ന ആദ്യ കൃതി .

" രാഷ്ട്രത്തെക്കുറിച്ചും ഗവൺമെണ്ടിനെക്കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്ര ശാസ്ത്രം"-അരിസ്റ്റോട്ടിൽ

Rajesh@CPY

പൗരബോധം

യൂണിറ്റ് **10**

**1.** പൗരബോധം എന്നാൽ എന്ത്**?**

ഓരോ പൗരനും സമൂഹത്തിനു വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമ താല്പര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം.

**2.** പൗരബോധത്തെ നിർണയിക്കുന്ന ഘടകങ്ങൾ എന്തെല്ലാം**?**

-കുടുംബം ,വിദ്യാഭ്യാസം, സാമൂഹിക വ്യവസ്ഥ, രാഷ്ട്രീയ വ്യവസ്ഥ, സംഘടനകൾ, മാധ്യമങ്ങൾ

**3.** പൗരബോധം വളർത്തുന്നതിൽ കുടുംബത്തിന്റെ പങ്കെന്ത്**?**

-മുതിർന്നവരെ ബഹുമാനിക്കാനും സമൂഹ സേവനത്തിലേർപ്പെടാനും പഠിക്കുന്നു.

-അംഗങ്ങളിൽ കർത്തവ്യ ബോധം വളർത്തുന്നു.

-കുടുംബത്തിൽ നിന്നുള്ള പ്രചോദനവും പ്രോത്സാഹനവും ഉന്നതമായ പൗരബോധം വളർത്തുന്നു.

-ഓരോ വ്യക്തിയും കുടുംബത്തിനു വേണ്ടിയും കുടുംബം സമൂഹത്തിനു വേണ്ടിയുമാണെന്ന ബോധ്യം വളർത്താൻ കഴിയും.

**4.** പൗരബോധം വളർത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്കെന്ത്**?**

-വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു .

-മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതി ബോധം, ശാസ്ത്ര അവബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ സഹായിക്കുന്നു .

-ശാസ്ത്രവും സാങ്കേതിക വിദ്യയും സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ വിദ്യാഭ്യാസത്തിലൂടെ കഴിയുന്നു.

-മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമീപനത്തിലൂടെ പൗരബോധം ജനങ്ങളിലെത്തിക്കാൻ കഴിയുന്നു.

Rajesh@CPY

**5.**പൗരബോധരൂപീകരണത്തിന് ഉതകുന്ന എന്തെല്ലാം പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പാക്കാൻ കഴിയും**?**

-സഹവാസ ക്യാമ്പ്

-ഉത്തമമാതൃകകളെ സ്കൂളിലേക്ക് ക്ഷണിക്കലും ആദരിക്കലും

-സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്

-മെഡിക്കൽ ക്യാമ്പ്

-പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ

**6.**പൗരബോധം വളർത്തുന്നതിൽ സംഘടനകളുടെ പങ്കെന്ത്**?**

-സേവന സന്നദ്ധതയോടെ പ്രവർത്തിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നു.

-പാരിസ്ഥിതിക അവബോധം സൃഷ്ടിക്കാൻ സഹായകമാകുന്നു.

-മനുഷ്യാവകാശബോധം സൃഷ്ടിക്കാൻ സഹായകമാകുന്നു.

7. **പൗരബോധരൂപീകരണത്തിൽ മാധ്യമങ്ങളുടെ പങ്കെന്ത്?**

**-പൗരബോധ രൂപീകരണത്തിൽ മാധ്യമങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്.**

**-അച്ചടി മാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും സമൂഹത്തെ വളരെയധികം സ്വാധീനിക്കുന്നുണ്ട്.**

**-പൗരബോധം പ്രതിഫലിപ്പിക്കുന്ന വാർത്തകളും ചിത്രങ്ങളും ജനങ്ങളിലെത്തിക്കുന്നത് മാധ്യമങ്ങളാണ്.**

**-അത് പൗരബോധം വളരുന്നതിന് കാരണമാകുന്നു.**

**8.** പൗരബോധം നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം**?**

എങ്ങനെ ഈ വെല്ലുവിളികളെ മറികടക്കാം.**?**

-പൊതുതാല്പര്യങ്ങളെ അവഗണിച്ച് സ്വന്തം താല്പര്യങ്ങൾക്കു വേണ്ടി എന്തും ചെയ്യാൻ തയ്യാറാവുന്നതാണ് പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി.

-ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

Rajesh@CPY

-പൊതുതാല്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താല്പര്യങ്ങൾക്ക വേണ്ടി പരിശ്രമിക്കുക.

- മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽ നിന്ന് തുടങ്ങുക.

-ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക.

-അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണനന നൽകുക.

Rajesh@CPY

## സമൂഹശാസ്ത്രം എന്ത്? എന്തിന്? 11

**1.**സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ വിപ്ലവങ്ങൾ ഏവ**?**

**-**ജ്ഞാനോദയം

-ഫ്രഞ്ചു വിപ്ലവം

-വ്യാവസായിക വിപ്ലവം

**2.**സമൂഹശാസ്ത്രത്തിന്റെ പിതാവ് **-** അഗസ്റ്റ് കോംതെ

**3.**സമൂഹശാസ്ത്ര ചിന്തകർ -

ഹെർബർട്ട് സ്പെൻസർ

കാൾ മാക്സ്

എമൈൽ ദുർഖിം

മാക്സ് വെബർ

**4.ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്ത തത്വങ്ങൾ സമൂഹ പഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകൻ ആര്?**

ഹെർബർട്ട് സ്പെൻസർ

5.സമൂഹശാസ്ത്രത്തിലെ പഠനരീതികൾ ഏതെല്ലാം**?**

**1)** സോഷ്യൽ സർവെ

-പഠന വിധേയമാക്കുന്ന മൊത്തം വ്യക്തികളിൽ നിന്ന് തിരഞ്ഞെടുക്കുന്ന നിശ്ചിത എണ്ണം ആളുകളിൽ നിന്ന് വിവരശേഖരണം നടത്തുന്നു**(**സാമ്പിൾ സർവെ**).**

-ചോദ്യാവലി ഉപയോഗിച്ച്

-വിവര ശേഖരണത്തിനായി ഗവേഷകൻ ഉപയോഗിക്കുന്ന ചോദ്യങ്ങളുടെ പട്ടികയാണ് ചോദ്യാവലി

**2)** അഭിമുഖം

ഗവേഷകനും പ്രതികർത്താവും തമ്മിലുള്ള സംഭാഷണമാണ് അഭിമുഖം**.**

അഭിമുഖം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**1.** ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ

Rajesh@CPY

2.ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ച് ധാരണ രൂപീകരിക്കൽ

3.ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ

4.ഫലവത്തായ രീതിയിലുള്ള ആശയവിനിമയം

5.സമയക്രമീകരണം

6.ലഭിച്ച വിവരങ്ങൾ ക്രമപ്പെടുത്തലും റിപ്പോർട്ട് തയ്യാറാക്കലും

3) നിരീക്ഷണം

-കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ് നിരീക്ഷണം.

നിരീക്ഷണം രണ്ട് തരം

1. പങ്കാളിത്ത നിരീക്ഷണം ( ഫീൽഡ് വർക്ക്)

- സമൂഹശാസ്ത്രജ്ഞൻ പഠനമേഖലയിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കുന്ന രീതി.

-സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്ന രീതിയാണ് ഇത്.

-ഇതിനായി ഗവേഷകൻ അവരുടെ ഭാഷ സംസ്കാരം എന്നിവ പഠിക്കുകയും അവരുടെ ദൈനംദിന ജീവിതത്തിൽ പങ്കാളിയാവുകയും ചെയ്യുന്നു.

-ഇതുവഴി പ്രകടമല്ലാത്ത പെരുമാറ്റ രീതികൾ വരെ പഠനവിധേയമാക്കാൻ കഴിയുന്നു.

-ഈ രീതി ആദിമ സമൂഹങ്ങളുടെ പഠനത്തിനായി ഏറെ ഉപയോഗിച്ചിരുന്നു.

2.പങ്കാളിത്ത രഹിത നിരീക്ഷണം

-സമൂഹശാസ്ത്രജ്ഞൻ പഠന സംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല.

-പകരം പുറത്തു നിന്ന് നിരീക്ഷണം നടത്തുകയാണ് ചെയ്യുന്നത്.

4) കേസ് സ്റ്റഡി

-അപൂർവവും വേറിട്ടതുമായ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനാണ് കേസ് സ്റ്റഡി പ്രയോജനപ്പെടുത്തുന്നത്.

-ഇത്തരം പഠനങ്ങൾ സൂക്ഷ്മവും സമഗ്രവും ആയിരിക്കും.

-പഠനവിധേയമാക്കുന്ന വിഷയത്തെ കേസ് എന്നു പറയുന്നു.

-കേസിനെക്കുറിച്ചുള്ള വിശദമായ പഠനമാണ് കേസ് സ്റ്റഡി

..........................................................................................................

Rajesh@CPY